സുപ്രഭാതം

15 May 2020



സി.എം.എഫ്.ആർ.ഐ പാർപ്പിട സമുച്ചയത്തിലെ തരിശുനില കൃഷി മന്ത്രി വി.എസ് സുനിൽ കുമാർ തൈകൾ നട്ട് തുടക്കം കുറിക്കുന്നു

# കൃഷിയിലൂടെ ഭക്ഷ്യ സ്വയംപര്യാപ്തത; മാതൃകയായി സി.എം.എഫ്.ആർ.ഐ

കൊച്ചി: മനസുവച്ചാൽ കൃഷി ആർക്കും ചെയ്യാം എന്ന് പ്രവർത്തിച്ചു കാണിക്കുകയാണ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). സ്ഥാപനത്തിലെ ശാസ്ത്രജ്ഞരും സാങ്കേതികവിദഗ്ധരും മറ്റ് ജീവനക്കാരും അവരുടെ കുടുംബാംഗങ്ങളും പങ്കാളികളാകുന്ന സി.എം.എഫ്.ആർ.ഐ കൃഷി ലോകം ക്ലബിന്റെ നേതൃത്വത്തിലാണ് കൊച്ചി നഗരസഭ പരിധിയിലെ മൂന്നേക്കറോളം വരുന്ന തരിശുനിലത്ത് കിഴങ്ങ്-പയർ വിളകളും പച്ചക്കറിയും കൃഷി ചെയ്യുന്നത്.

സംസ്ഥാനത്തിന്റെ ഭക്ഷ്യ സ്വയംപര്യാപ്തതക്കായി പ്രവർത്തിക്കണമെന്ന മുഖ്യമന്ത്രിയുടെ ആഹ്വാനത്തെ തുടർന്നാണ് കൃഷി. സി.എം.എഫ്.ആർ.ഐയുടെ തേവര കസ്തൂർബാനഗറിലുള്ള പാർപ്പിട സമുച്ചയത്തിൽ നടക്കുന്ന കൃഷിക്ക് മന്ത്രി വി.എസ് സുനിൽ കുമാർ തുടക്കം കുറിച്ചു. കൃഷിലോകം ക്ലബിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

മറ്റുള്ളവരെ ആശ്രയിക്കാതെ സുരക്ഷിതമായ ഭക്ഷ്യവിഭവങ്ങൾ സ്വയം കൃഷിചെയ്ത് ഉൽപാദിപ്പിക്കുകയെന്ന സന്ദേശത്തിന് പ്രചാരം നൽകുകയാണ് സി.എം.എഫ്.ആർ.ഐയുടെ ലക്ഷ്യം. ഭക്ഷ്യക്ഷാമ കാലത്ത് ഏറ്റവും പ്രയോജനകരമാകുന്ന കിഴങ്ങ്-പയർ വർഗ്ഗങ്ങൾക്ക് പ്രാധാന്യം നൽകുന്നതാണ് കൃഷി.

സി.എം.എഫ്.ആർ.ഐക്ക് കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ സാങ്കേതിക പിന്തുണയോടെയാണ് കൃഷി ചെയ്യുന്നത്. പൂർണമായും യന്ത്രവൽകൃത രീതിയിലാണ് നിലമൊരുക്കിയത്. ആദ്യപടിയായി, രണ്ടായിരത്തി അഞ്ഞൂറ് ചുവട് കപ്പ, മൂവായിരത്തോളം കുറ്റിപ്പയർ, ഇടവിളകളായി മറ്റ് പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ എന്നിവയാണ് കൃഷി നടത്തുന്നത്.

സർക്കാർ സ്ഥാപനങ്ങൾ തന്നെ ഇത്തരം മാതൃകകളുമായി മുന്നോട്ട് വരുന്നത് പൊതുജനങ്ങളിൽ കൃഷിയോടുള്ള താൽപര്യം കൂട്ടുമെന്നാണ് കരുതുന്നതെന്ന് സി.എം.എഫ്.ആർ.ഐ ഡയരക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. മുൻകാലങ്ങളിൽ, ക്ഷാമകാലത്ത് കേരളത്തിന് താങ്ങായി നിന്നതിനാലാണ് ആദ്യഘട്ടത്തിൽ തന്നെ കപ്പ കൃഷിചെയ്യാൻ തീരുമാനിച്ചതെന്നും അദ്ദേഹം പറഞ്ഞു.

വിളവെടുക്കുന്ന ഉൽപന്നങ്ങൾ സി.എം.എഫ്.ആർ.ഐയിൽ പ്രവർത്തിക്കുന്ന കെ.വി.കെയുടെ ഫാം ഷോപ്പി വഴി പൊതുനജങ്ങൾക്ക് ലഭ്യമാക്കും. ഇത്തരത്തിൽ കൃഷി തുടങ്ങാൻ താൽപര്യമുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കെ.വി.കെയുടെ സാങ്കേതിക സഹായം നൽകാൻ തയാറാണെന്ന് സി.എം.എഫ്.ആർ.ഐ ഡയരക്ടർ അറിയിച്ചു. നിലമൊരുക്കുന്നതിന് കെ.വി.കെയുടെ കാർഷിക ഉപകരണങ്ങൾ ആവശ്യക്കാർക്ക് ഉപയോഗപ്പെടുത്താം. കെ.വി.കെയുടെ സാങ്കേതിക സഹായം ആവശ്യമുള്ളവർ 8281757450 എന്ന നമ്പറിൽ വാട്സ്ആപ്പ് സന്ദേശം അയച്ചും രജിസ്റ്റർ ചെയ്യാം.